# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3900 — 11.11.2019-ൽ മറുപടിക്ക്

**കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | കെ.കെ. ശൈലജ ടീച്ചർ<br>( ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി, |

| | | | |
|---|---|---|---|
| (എ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രി യുടെ കെട്ടിട നിർമ്മാണത്തിനു വേണ്ടി എസ്.പി.വി.യായി നിശ്ചയിച്ച കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് തയ്യാറാക്കിയ എസ്റ്റിമേറ്റിലും പ്ലാനിലും ഭേദഗതികൾ സമർപ്പിക്കാൻ 4/5/2019 ൽ ആരോഗ്യ വകുപ്പ് ആവശ്യപ്പെട്ടതു പ്രകാരം പുതുക്കിയ പ്ലാൻ സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) & (ബി) | പുതുക്കിയ പ്ലാൻ സമർപ്പിക്കേണ്ടതുണ്ട്. |
| (ബി) | ഭേദഗതി വരുത്തിയ പ്ലാനും എസ്റ്റിമേറ്റും സമർപ്പിച്ചിട്ടുണ്ടെങ്കിൽ ഫയൽ ഇപ്പോൾ ആരുടെ കൈവശമാണെന്നും ആയതിന്റെ തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ; | | |
| (സി) | ആരോഗ്യ വകുപ്പ് കഴിഞ്ഞ ഏതാനും വർഷങ്ങളായി പദ്ധതി വൈകിപ്പിക്കുന്നു എന്നുള്ള പരാതിക്കു പരിഹാരം കണ്ടെത്തുമോ; | (സി) | അത്തരം ഒരു പരാതി ശ്രദ്ധയിൽ പെട്ടിട്ടില്ല. . |

| | | |
|---|---|---|
| (ഡി) | ഈ ഫയൽ കിഫ്ബി അംഗീകരിക്കുവാൻ വൈകുന്നതിന്റെ കാരണം അറിയാമോ; എങ്കിൽ വ്യക്തമാക്കാമോ? | (ഡി) പുതുക്കിയ പ്ലാൻ ലഭ്യമായ ശേഷം പരിശോധിച്ച് ഭരണാനുമതി നൽകുന്ന മുറയ്ക്കാണ് ഡി.പി.ആർ തയ്യാറാക്കി കിഫ്ബി അംഗികാരത്തിനായി സമർപ്പിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**